(സി) ഉണ്ട്.

(ഡി) ഇടുക്കി ജില്ലാ പഞ്ചായത്തിന് ലഭിച്ച ഭക്ഷ്യ ധാന്യത്തിൽ തൊടുപുഴ സ്റ്റേറ്റ് വെയർ ഹൗസിൽ സൂക്ഷിച്ചിരുന്ന 1121.725 മെട്രിക് ടൺ അരിയിൽനിന്നും 23 മെട്രിക് ടൺ അരിയും പുനലൂർ സ്റ്റേറ്റ് വെയർഹൗസിൽ സൂക്ഷിച്ചിരുന്ന 474.203 മെട്രിക് ടൺ അരിയിൽനിന്നും 64.564 മെട്രിക് ടൺ അരിയും വ്യാജ പെർമിറ്റ് ചമച്ച് പ്രസ്തുത വെയർഹൗസുകളിൽ നിന്നും അനധികൃതമായി തട്ടിയെടുത്തതായി ആരോപണമുണ്ടായി.

(ഇ) ആരോപണത്തെത്തുടർന്ന് ഇടുക്കി പോലീസ് സൂപ്രണ്ടിനും കൊല്ലം പോലീസ് സൂപ്രണ്ടിനും തൊടുപുഴ, പുനലൂർ സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) മാർക്കും പരാതി നൽകിയിരുന്നു. തട്ടിപ്പുമായി ബന്ധപ്പെട്ട ഒരാളെ ഇതിനകം പുനലൂർ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ

131 [134] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഡങ്കിപ്പനി, വൈറൽ ഫീവർ, എലിപ്പനി തുടങ്ങിയ മാരക പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കാലാവസ്ഥാമാറ്റവും വെള്ളക്കെടുതികളും മൂലം ഇത്തരം പകർച്ചപ്പനികൾ പടർന്നു പിടിക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് അറിവ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ നിയന്ത്രിക്കുന്നതിനും പടർന്നുപിടിക്കുന്നത് ഒഴിവാക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലയിലും ഡങ്കിപ്പനി, വൈറൽ ഫീവർ, എലിപ്പനി തുടങ്ങിയ മാരക പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ജില്ലാതലത്തിലും വാർഡ് തലത്തിലും, പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും പകർച്ചവ്യാധി നിയന്ത്രണ കമ്മിറ്റികൾ, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഈ ടീമിന്റെ സഹായത്തോടെ രോഗ നിയന്ത്രണ പരിപാടികൾ സ്വീകരിച്ചുവരുന്നു.
2. ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ക്രൈസിസ് മാനേജ്മെന്റ് സെൽ പ്രവർത്തിച്ചുവരുന്നു.
3. ജില്ലയിലെ സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള ഫീവർ ക്ലിനിക്കുകളിൽ അത്യാവശ്യ മരുന്നുകൾ, ഒ.ആർ.സ്., ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. മഴക്കാല ആരംഭത്തിൽ കോളറ, എലിപ്പനി തുടങ്ങിയവ നേരത്തെ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ക്ലോറിനേഷൻ നടത്തുകയും ഡങ്കിപ്പനിപോലുള്ള കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനായി ഫോഗിംഗ്, സ്പ്രേയിംഗ്, ജൈവിക നിയന്ത്രണം, ഉറവിട നശീകരണം തുടങ്ങിയവയും നടത്തിവരുന്നു. ജില്ലാ എൻഡമോളജി ടീം കൊതുകു സർവേ നടത്തി ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു. നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ വിതരണം ചെയ്യുകയും പത്രമാധ്യമങ്ങളിലൂടെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും പകർച്ചവ്യാധികൾക്കെതിരായ ബോധവൽക്കരണം നടത്തിവരുന്നു.

(ബി ആന്റ് സി) ഉണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള എല്ലാ കർശന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കൊതുക് നിവാരണം

132 [135] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന കൊതുക് ശല്യം നിയന്ത്രിക്കാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം പ്രതിരോധ നടപടികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ കൊതുകുകളെ നശിപ്പിക്കുന്നതിനായി ഫോഗിംഗ്, കീടനാശിനി തളിക്കൽ, കൂത്താടിനാശിനി തളിക്കൽ കൂത്താടി വളരുന്ന സ്രോതസ്സ് നശിപ്പിക്കൽ, കൊതുകുകളെ തിന്നു നശിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യൽ, കൊതുകുകടി ഒഴിവാക്കുവാനും അവയെ നശിപ്പിക്കുന്നതിനുമായി കീടനാശിനി തളിക്കൽ, കൊതുകുവല ഉപയോഗത്തെക്കുറിച്ച് ആരോഗ്യബോധന ക്ലാസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്.

(ബി) ദേശീയ കൊതുകുജന്യരോഗ നിയന്ത്രണ പരിപാടിയോടനുബന്ധിച്ച് കൊതുകുശല്യം നിയന്ത്രിക്കുന്നതിലേക്കായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. രോഗബാധിത പ്രദേശങ്ങളിലും കൊതുകുശല്യം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിലും കൊതുകുകളെ നശിപ്പിക്കുന്നതിനായി ഫോഗിംഗ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly